പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2182 — 17.06.2014 ലെ മറുപടിയ്ക്ക്

ചിട്ടി ബിസിനസിലെ പോരായ്മകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. എം. പി. വിൻസെന്റ് : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.എഫ്.ഇ-യ്ക്ക് ആകെ എത്ര കോടിയുടെ ചിട്ടി ബിസിനസ്സ് നിലവിലുണ്ട് ; | (എ) കെ.എസ്.എഫ്.ഇ യ്ക്ക് 30-04-2014-ലെ കണക്കനുസരിച്ച് നിലവിൽ 1123.95 കോടി രൂപയുടെ പ്രതിമാസ ചിട്ടി ബിസിനസ്സ് ഉണ്ട്. |
| (ബി) ഈ ചിട്ടികളിൽ ആളില്ലാത്ത രജിസ്റ്റർ ചെയ്ത ചിട്ടി നമ്പരുകൾ ഉൾപ്പെട്ടിട്ടുണ്ടോ ;<br><br>(സി) ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ എല്ലാ ബ്രാഞ്ചുകളിലും കൂടി എത്ര തുക ഉണ്ട് ;<br><br>(ഡി) നിലവിലെ കേന്ദ്ര ചിട്ടി നിയമ പ്രകാരം ഇത്തരം ചിട്ടികൾ നടത്തുവാൻ നിയമം അനുവദിക്കുന്നുണ്ടോ? | (ബി), (സി) & (ഡി) കേന്ദ്ര ചിട്ടി നിയമപ്രകാരം ആളില്ലാതെ ചിട്ടികൾ രജിസ്റ്റർചെയ്യാൻ സാധ്യമല്ല. എന്നാൽ ചില വരിക്കാർ ഒന്നാം തവണ സംഖ്യയിലേയ്ക്ക് നൽകുന്ന ചെക്കുകളിൽ ചിലത് ചില സാഹചര്യങ്ങളിൽ പണം ക്ലിയർ ചെയ്യാതെ ബാങ്കിൽനിന്നും മടങ്ങാറുണ്ട്. ഇപ്രകാരം അക്കൗണ്ടിൽ പണമില്ലാതെ മടങ്ങുന്ന ചെക്കുകൾ കണ്ടെത്തിയാൽ കേന്ദ്ര ചിട്ടി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഉടനെതന്നെ പകരം ചിറ്റാളനെ ചേർക്കാറുണ്ട്. ഒന്നാം തവണയ്ക്കുവേണ്ടി നല്കിയ ചെക്കുകളിൽ മടങ്ങിയവയുടെ സംഖ്യ തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.